LIBRARY ARCHIVES Kerala Legislative Assembly

മാവോയിസ്റ്റ് പ്രവർത്തനം

192 (1897) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവോയിസ്റ്റ് പ്രവർത്തനം വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മാവോയിസ്റ്റ് പ്രവർത്തനം നേരിടുന്നതിന് കേന്ദ്രസഹായം തേടിയിട്ടുണ്ടോ ;

(സി) പ്രസ്തുത പ്രവർത്തനം നേരിടുന്നതിന് മറ്റ് സംസ്ഥാനങ്ങളുമായി സഹകരിച്ച് കർമ്മ പരിപാടി ആവിഷ്കരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) 2013 ഫെബ്രുവരി മാസം മുതൽ സംസ്ഥാനത്തിന്റെ വടക്കൻ മേഖലയിൽ ചില ജില്ലകളിൽ വനപ്രദേശങ്ങളിലും വനത്തിനോട് അടുത്ത പ്രദേശങ്ങളിലും മറ്റും സായുധ മാവോയിസ്റ്റ് സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അന്തർ സംസ്ഥാന പ്രവർത്തനമായതിനാൽ കേന്ദ്ര സഹായം തേടിയിട്ടുണ്ട്.

(സി) മാവോയിസ്റ്റ് പ്രവർത്തനം നേരിടുന്നതിന് അയൽ സംസ്ഥാനങ്ങളുമായി സഹകരിക്കുന്നുണ്ട്.

സെക്യൂരിറ്റി ജീവനക്കാരനായ അച്ചുതൻ നായർക്ക് മർദ്ദനമേറ്റത് സംബന്ധിച്ച കേസ്

193 (1898) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ-പൂങ്കുന്നം പുഷ്പഗിരി കാപ്പിറ്റൽ റസിഡൻസി ഫ്ലാറ്റിൽ സെക്യൂരിറ്റി ജീവനക്കാരനായ അച്ചുതൻ നായർക്ക് ജോലിക്കിടെ ക്രൂര മർദ്ദനമേറ്റ് ഇടതു കൈയുടെ എല്ല് പൊട്ടിയതു സംബന്ധിച്ച പരാതിയിൽ പോലീസ് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; ആരെ പ്രതി ചേർത്താണ് കേസ്സെടുത്തിട്ടുള്ളത് ; ഏതെല്ലാം വകുപ്പുകൾ ചേർത്താണ് എഫ്.ഐ.ആർ. തയ്യാറാക്കിയിട്ടുള്ളത് ; എഫ്.ഐ.ആർ.-ന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സെക്യൂരിറ്റി ജീവനക്കാർക്ക് ജോലിക്കിടെ മർദ്ദനം ഏൽക്കുന്നത് നിത്യസംഭവമായി മാറുന്നതു കണക്കിലെടുത്ത് ജോലിക്കിടയിൽ ഇവർക്ക് സംരക്ഷണം ഉറപ്പുവരുത്തുന്നതിന് എന്തു നടപടികളാണ് പോലീസ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം ലഭ്യമാക്കുമോ ?